## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 905 02.11.2015-ൽ മറുപടിക്ക്

### കടിവെള്ളം ലഭ്യമാക്കൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.തോമസ് ചാണ്ടി : | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ. | പുളിങ്കുന്ന പഞ്ചായത്തിൽ ആറിന് കുറുകെ ഉള്ള പൈപ്പ് ലൈൻ പൊട്ടി 14, 15, 16 വാർഡുകളിൽ കുടിവെള്ളം ലഭ്യമാകാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പൈപ്പ് ലൈനുകൾ അറ്റകുറ്റപണി ചെയ്ത് കടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| ബി | പ്രസ്തുത പൈപ്പ് ലൈനുകൾ അറ്റകുറ്റ പണി ചെയ്ത് കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | | |
| സി | രാമങ്കരി ഒ എച്ച് ടാങ്കിൽ വെള്ളം കയറുന്നത് തടസ്സപ്പെടുന്നതു മൂലം രാമങ്കരി, പുളിങ്കുന്ന്, കാവാലം ഭാഗങ്ങളിൽ കുടിവെള്ളം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി | രാമങ്കരി ടാങ്കിലേയ്ക്കുള്ള കൺവേയൻസ് മെയിനിൽ നിന്നും നേരിട്ട് വിതരണ ശൃംഖലയിലേക്ക് കണക്ഷൻ നൽകിയിരിക്കുന്നതിനാൽ രാമങ്കരി ടാങ്കിൽ വെള്ളം കയറ്റാറില്ല. എന്നാൽ ടി ടാങ്കിലേയ്ക്കുള്ള കൺവേയൻസ് മെയിനിൽ നിന്നും രാമങ്കരി ഭാഗത്തുള്ള വിതരണ ശൃംഖലയിൽ നേരിട്ട് വെള്ളം എത്തുന്നതുകൊണ്ട് ടി ഭാഗത്തെ ജലവിതരണം തടസ്സപ്പെടുന്നില്ല. പുളിങ്കുന്ന്, കാവാലം പഞ്ചായത്തുകളിൽ ജലം ലഭ്യമാകുന്നത് രാമങ്കരി ഒ.എച്ച് ടാങ്കിൽ നിന്നുമല്ല, പള്ളിക്കൂട്ടുമ്മ ടാങ്കിൽ നിന്നുമാണ്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | ടാങ്കിൽ ജലലഭ്യത കുറവായതിനാൽ ടി പ്രദേശങ്ങളിൽ ജലവിതരണം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ചോർച്ചകൾ കണ്ടെത്തി ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ഡി | പ്രസ്തുത ഒ എച്ച് ടാങ്കിൽ വെള്ളം കയറ്റി കുടിവെള്ളം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി | നീരേറ്റുപുറം പ്ലാന്റിൽ നിന്നുള്ള പമ്പിംഗ് മെയിൻ വർക്കു നടക്കുന്നതിനാൽ രാമങ്കരി ഒ.എച്ച് ടാങ്കിലേയ്ക്കു വെള്ളം കയറ്റിയിട്ടില്ല. പ്രസ്തുത ജോലിയുടെ പൂർത്തീകരണമാകുന്ന മുറയ്ക്ക് ഒ.എച്ച് ടാങ്ക് പ്രവർത്തനക്ഷമമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ